# തേജസ്വിനി നാളികേരോത്പാദക കമ്പനിയുടെ ഫാക്ടറി ശിലാസ്ഥാപനം കണ്ണൂരിൽ

**കൊച്ചി:** ചെറുപുഴ തേജസ്വിനി നാളികേരോത്പാദക കമ്പനി 10 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ആധുനിക കേര ഫാക്ടറി സമുച്ചയത്തിന്റെ ശിലാസ്ഥാപനം 5-ന് രാവിലെ 10 മണിക്ക് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കും. പെരിങ്ങോം പിഡബ്ല്യുഡി റസ്റ്റ്ഹൗസിന് സമീപം കമ്പനി വക നാലേക്കർ സ്ഥലത്താണ് ഫാക്ടറി സ്ഥാപിക്കുന്നത്. നീര, നീരയിൽ നിന്നുള്ള മറ്റ് മൂല്യവർദ്ധിത ഉൽപന്നമായ നീര പാനി, നാളികേരത്തിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളായ വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ, കോക്കനട്ട് ചിപ്സ്, പായ്ക്ക് ചെയ്ത കരിക്കിൻവെള്ളം, ഇളനീർ സോഡ, നാളികേരപ്പൊടി, ബിസ്ക്കറ്റ്, ചോക്ലേറ്റ് എന്നീ ഉൽപന്നങ്ങളും സമീപ ഭാവിയിൽ നിർമ്മിച്ച് വിതരണം നടത്തുവാൻ കമ്പനി പദ്ധതിയിടുന്നുണ്ട്.

സി. കൃഷ്ണൻ എംഎൽഎ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഗ്രാമവികസന, സാംസ്ക്കാരിക വകുപ്പ് മന്ത്രി കെ.സി. ജോസഫ് നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നമായ 'നീര പാനി' വിപണിയിലിറക്കും. നാളികേരവികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐഎഎസ് മുഖ്യപ്രഭാഷണം നടത്തും.

നാളികേര വികസന ബോർഡിന്റെ പരിശീലനം ലഭിച്ച നീര ടെക്നീഷ്യന്മാരെ ഉപയോഗപ്പെടുത്തി കമ്പനി ചെറിയ തോതിൽ നീര ഉത്പാദനം ആരംഭിച്ചിട്ടുണ്ടെന്ന് കമ്പനി ചെയർമാൻ സണ്ണിജോർജ്ജ് അറിയിച്ചു.

കണ്ണൂർ -കാസർഗോഡ് ജില്ലകൾ പ്രവർത്തന മേഖലകളായി നിശ്ചയിച്ചുകൊണ്ട് 10 ഫെഡറേഷനുകളും 152 സിപിഎസുകളും ചേർന്നാണ് നളികേര വികസന ബോർഡിനു കീഴിൽ തേജസ്വിനി നാളികേരോത്പാദക കമ്പനി രൂപീകരിച്ചിട്ടുള്ളത്. 152 ഉത്പാദക സംഘങ്ങളിലെ 16,438 കർഷകർ കമ്പനിയുമായി ചേർന്ന് പ്രവർത്തിക്കുന്നു. ദിവസേന 35000 തേങ്ങ കൊപ്രയാക്കാൻ കഴിയുന്ന ഡ്രയറും മണിക്കൂറിൽ 1000 കിലോ കൊപ്ര വെളിച്ചെണ്ണയാക്കാൻ കഴിയുന്ന എക്സ്പെല്ലറും ഫാക്ടറിയുടെ ഭാഗമാണ്. ബോർഡിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നേടിയ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' അംഗങ്ങളെ ഉപയോഗിച്ച് കർഷകരുടെ പുരയിടത്തിൽ നിന്ന് വിളവെടുത്ത് നാളികേരം ഫാക്ടറിയിൽ എത്തിച്ച് സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി വിപണനം ചെയ്യുകയാണ് കമ്പനിയുടെ ഉദ്ദേശ്യം. ഇതുവഴി ലഭ്യമാകുന്ന ലാഭം കർഷകർക്ക് വീതിച്ച് നൽകുകയും ചെയ്യും.